**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 861** **10-06-2021 - ൽ മറുപടിയ്ക്ക്**

**ടൂറിസവും തൊഴിലവസരങ്ങളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | ഉത്തരവാദിത്ത ടൂറിസം വ്യാപിപ്പിക്കുവാൻ എന്തൊക്കെ നടപടികളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത്; | (എ) | തെരഞ്ഞെടുക്കപ്പെട്ട ഏതാനും ചില കേന്ദ്രങ്ങളിൽ മാത്രം ഒതുങ്ങി നിന്നിരുന്ന കേരളത്തിലെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമാക്കുവാൻ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തന്നെ തീരുമാനിക്കുകയും, ടൂറിസം ഡയറക്ടറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ടൂറിസം വകുപ്പിലെ ഒരു പ്രത്യേക വിഭാഗമായി ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ച് 14 ജില്ലകളിലേക്കും ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുകയും ചെയ്തു. ഇനി വരുന്ന 5 വർഷക്കാലം കൊണ്ട് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഉത്തരവാദിത്ത ടൂറിസം പദ്ധതി പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) | ടൂറിസത്തിലൂടെ ഗ്രാമീണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ബി) | നിലവിലെ കോവിഡ് മഹാമാരിയുടെ സാഹചര്യം മാറി ടൂറിസം സാധാരണ ഗതിയിലേയ്ക്ക് വരുമ്പോൾ ആരോഗ്യം, ശുചിത്വം, പരിസ്ഥിതി സംരക്ഷണം എന്നിങ്ങനെയുള്ള കാര്യങ്ങൾ മുൻനിർത്തി പ്രാദേശിക ജനസമൂഹത്തേയും, ടൂറിസം സംരംഭകരേയും ഉൾപ്പെടുത്തിക്കൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ആഭ്യന്തര ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനും, ടൂറിസത്തിലൂടെ പരിസ്ഥിതി സംരക്ഷണം എന്ന ലക്ഷ്യത്തിലൂന്നിയതുമായ വിവിധ പദ്ധതികളും പ്രവർത്തനങ്ങളും ഉത്തരവാദിത്ത ടൂറിസം മിഷൻ വഴി നടപ്പിലാക്കി, പ്രാദേശിക തൊഴിലും വരുമാനവും ഉറപ്പ് വരുത്തുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ